

# അമ്മയും കുഞ്ഞും പദ്ധതി

ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യചികിത്സാപദ്ധതിയാണ് (JSSK). സർക്കാർ ആശുപത്രിയിൽ ചികിത്സതേടുന്ന എല്ലാ ഗർഭിണികൾക്കും 30 ദിവസംവരെയുള്ള നവജാത ശിശുക്കൾക്കും ആവശ്യമായ ചികിത്സാച്ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

**സിസേറിയൻ കഴിവതും ഒഴിവാക്കൂ, പ്രസവം സ്വാഭാവികമാകട്ടെ.**

## ഗർഭിണികൾക്കുള്ള അവകാശങ്ങൾ

- സൗജന്യ പ്രസവചികിത്സയും സിസേറിയൻ ശസ്ത്രക്രിയയും
- സൗജന്യ മരുന്നുകളും മറ്റു ചികിത്സാ ചെലവുകളും
- സൗജന്യ പരിശോധനകൾ
- സാധാരണ പ്രസവത്തിന് മൂന്നു ദിവസവും സിസേറിയൻ ശസ്ത്രക്രിയയ്ക്ക് 7 ദിവസവും സൗജന്യ താമസവും ഭക്ഷണവും (പേവാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽ പെടുന്നില്ല)
- രക്തം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ സൗജന്യമായി രക്തം
- പ്രസവത്തിനായി വീട്ടിൽ നിന്നും ആരോഗ്യസ്ഥാപനങ്ങളിലേക്കും പ്രസവാനന്തരം വീട്ടിലേക്കും, റഫർ ചെയ്യുകയാണെങ്കിൽ റഫറൽ ആശുപത്രിയിലേക്കും സൗജന്യയാത്രാ സൗകര്യം
- എല്ലാത്തരം ആശുപത്രിസംബന്ധമായ ചെലവുകളും (ഒ.പി. ടിക്കറ്റ് ചാർജ് ഉൾപ്പെടെ) ഒഴിവാക്കുന്നു
- എല്ലാത്തരം പ്രസവചെലവുകളും സൗജന്യമാക്കൽ.
- പ്രസവാനന്തരം 42 ദിവസം വരെയുള്ള ചികിത്സാ ച്ചെലവുകൾ സൗജന്യം.

## ജനിച്ച് 30 ദിവസം വരെ നവജാത ശിശുക്കൾക്കുള്ള അവകാശങ്ങൾ

- സൗജന്യ മരുന്നും മറ്റു പരിശോധനാ/ ചികിത്സാ സൗകര്യങ്ങളും.
- സൗജന്യ പരിശോധന.
- വീട്ടിൽ നിന്നും ആരോഗ്യസ്ഥാപനങ്ങളിലേക്കും, റഫറൽ ചികിത്സാർത്ഥം മറ്റ് ആശുപത്രികളിലേക്കും തിരിച്ച് വീട്ടിലേക്കുമുള്ള സൗജന്യയാത്ര.



# അമ്മയും കുഞ്ഞും പദ്ധതി

കൂടുതൽ വിവരങ്ങൾക്ക് തൊട്ടടുത്ത ആരോഗ്യ കേന്ദ്രവുമായോ ആരോഗ്യപ്രവർത്തകരുമായോ ബന്ധപ്പെടുക

സംസ്ഥാന ആരോഗ്യ വകുപ്പ്
ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം)